കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തൊടുപുഴ നഗരസഭ- കോതായിക്കുന്ന് ഷോപ്പിംഗ് കോംപ്ലക്സ്- ബഹു.ഹൈക്കോടതി മുൻപാകെ ശ്രീ.പി. മുരളീധരൻ ഫയൽ ചെയ്ത WP(C) 18763/11-ന് 12/3/2012-ൽ പുറപ്പെടുവിച്ച വിധിന്യായം - ഉപാധികൾക്കു വിധേയമായി കേരള സംസ്ഥാന ലോട്ടറികൾ മാത്രം വിൽക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (സാധാ)നം:2592/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 27/10/2012

പരാമർശം:- 1. അഡ്വ.ജനറലിന്റെ പി4-18763/11/ഡബ്ല്യൂ.പി(സി) നമ്പർ 29/9/2011-ലെ കത്ത്.

2. സ.ഉ (സാധാ) നം.135/11/തസ്വഭവ തീയതി: 3/6/2011.

3. തൊടുപുഴ മുനിസിപ്പാലിറ്റിയുടെ എ3 (റ്റി3) 10899/09 നമ്പരിലുള്ള 6/2/2012, 3/10/2012 തീയതികളിലെ കത്ത്.

## ഉത്തരവ്

തൊടുപുഴ നഗരസഭയുടെ കോതായിക്കുന്ന് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ 20-ൽ ശ്രീ.പി.മുരളീധരൻ, മാനേജിംഗ് പാർട്ട്നർ, മഞ്ജു & കമ്പനി, കണ്ണൂർ എന്നയാൾ, 1/6/2006-മുതൽ വാടക കൊടുത്ത് ലോട്ടറി ബിസിനസ് നടത്തി വരവേ തൊടുപുഴ മുനിസിപ്പൽ കൗൺസിലിന്റെ 29/3/10-ലെ തീരുമാന പ്രകാരം മുനിസിപ്പൽ കടമുറികളിൽ ലോട്ടറി കച്ചവടം തുടർന്ന് നടത്തുന്നതിന് അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും, തുടർന്ന് 20/4/2010-ലെ നോട്ടീസ് പ്രകാരം ലോട്ടറി വ്യാപാരം നിർത്തിവച്ച് നഗരസഭാ വ്യവസ്ഥ പ്രകാരം അനുവദനീയമായ മറ്റ് വ്യവസായം ആരംഭിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം ടിയാളുടെ കുത്തകാവകാശം റദ്ദ് ചെയ്യുന്നതാണെന്നും അറിയിച്ചിരുന്നു. മുനിസിപ്പാലിറ്റിയുടെ തീരുമാനത്തിനെതിരെ ടിയാൾ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും ബഹു.ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ടിയാൾ ബഹു.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും അധികാര പരിധിയിൽ പെടാത്തതിനാൽ ബഹു.ട്രൈബ്യൂണൽ, മുനിസിപ്പാലിറ്റിയുടെ തീരുമാനത്തിനെതിരെ സർക്കാരിൽ അപ്പീൽ സമർപ്പിക്കാനും നിർദ്ദേശിച്ചു. ഇതു പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ 3/6/2011-ലെ സ.ഉ (സാധാ) നം.1351/2011/തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ തള്ളുകയും മുനിസിപ്പാലിറ്റിയുടെ തീരുമാനം ശരിവയ്ക്കുകയും ചെയ്തിരുന്നു.

ടി സർക്കാർ ഉത്തരവിനെതിരായി ശ്രീ.പി.മുരളീധരൻ സമർപ്പിച്ച WP(C) 18763/2011-യിന്മേലുണ്ടായ 12/3/2012-ലെ വിധിയിൽ ബഹു.ഹൈക്കോടതി "കേരളം ലോട്ടറി നിരോധിക്കപ്പെട്ട സംസ്ഥാനമല്ല; നിയമവിരുദ്ധമോ സർക്കാർ നയത്തിന് വിരുദ്ധമോ അല്ലാത്ത ബിസിനസ് ആയിരിക്കെ മുനിസിപ്പൽ ബിൽഡിംഗിൽ ലോട്ടറി കച്ചവടം നിരോധിക്കു

ന്നതിന് മുനിസിപ്പാലിറ്റിയ്ക്ക് അധികാരമുണ്ടോ എന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടു ക്കേണ്ടതായിരുന്നു.'' എന്ന് നിരീക്ഷിക്കുകയും മേൽ ഉത്തരവ് റദ്ദാക്കുകയും 5/2/2011-ലെ ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ വീണ്ടും പരിഗണിച്ച് നേർക്കാഴ്ച അനുവദിച്ച് തീരുമാന മെടുക്കാൻ സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ബഹു.ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം 17/10/2012-ന് നടത്തിയ നേർക്കാഴ്ചയിൽ ഹർജിക്കാരനായ ശ്രീ.പി.മുരളീധരൻ, ഹർജിക്കാരനുവേണ്ടി അഡ്വ. ജവഹർ ജോസ്, തൊടുപുഴ നഗരസഭാ സെക്രട്ടറി ശ്രീ.എൻ.വിജയ രാജൻ എന്നിവർ പങ്കെടുത്തു.

കേരള സംസ്ഥാനത്ത് ലോട്ടറി നിരോധിക്കപ്പെട്ടിട്ടില്ലെന്നും 1994-ലെ കേരള മുനിസിപ്പാ ലിറ്റി ആക്ട് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾക്ക് അനുസൃതമായേ മുനിസിപ്പാലിറ്റിയ്ക്ക് പ്രവ ർത്തിക്കാനാവു എന്നും മുനിസിപ്പൽ ആക്ട് സെക്ഷൻ 30 പ്രകാരം മുനിസിപ്പാലിറ്റിയുടെ അധികാരങ്ങളും ചുമതലകളും പ്രതിപാദിക്കുന്ന 1-ാം പട്ടിക (Schedule 1) പ്രകാരം ലോട്ടറി നിയന്ത്രണം മുനിസിപ്പാലിറ്റിയുടെ ചുമതലയിൽപ്പെട്ട വിഷയമല്ലെന്നും ആയതിനാൽ തൊടുപുഴ മുനിസിപ്പാലിറ്റിയുടെ 29/3/2010-ലെ തീരുമാനം റദ്ദാക്കണമെന്നും ഹർജിക്കാ രന്റെ അഡ്വക്കേറ്റ് ബോധിപ്പിച്ചു.

തൊടുപുഴ നഗരസഭാ സെക്രട്ടറി ശ്രീ.എൻ.വിജയരാജ് താഴെ ചേർത്ത പ്രകാരം അറിയിച്ചു. ഹർജിക്കാരനായ ശ്രീ.പി.മുരളീധരന് അനുവദിച്ചു നൽകിയ കടമുറിയിൽ നഗര സഭയുടെ അംഗീകൃത ഷെഡ്യൂളിൽപ്പെടാത്ത അന്യസംസ്ഥാന ലോട്ടറിയടക്കമുള്ള ലോട്ടറി കച്ചവടം നടത്തുന്നു. പൊതു സ്ഥലങ്ങൾ (മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സടക്കം) കേന്ദ്രീക രിച്ച് ലോട്ടറി ചൂതാട്ടം നടക്കുന്നുവെന്നും ഇത് പൊതുജനങ്ങൾക്ക് ശല്യമായി തീർന്നു കൊണ്ടി രിക്കുകയാണെന്നും, ലോട്ടറിയ്ക്ക് അടിമകളായി ഒരു വിഭാഗം ആളുകൾ ദരിദ്രരായി മാറുന്ന തായും നഗരസഭാ കൗൺസിലിന് ബോധ്യപ്പെട്ടതിനാലുമാണ് 29/3/2010-ലെ നഗരസഭാ കൗൺസിൽ തീരുമാന പ്രകാരം അനുവദിക്കേണ്ടതില്ലെന്ന് തീരുമാനമെടുത്തത്. പൊതുജന ങ്ങൾക്ക് ശല്യമാവാത്ത വിധം കേരള ലോട്ടറി മാത്രം വിൽപ്പന നടത്താൻ അനുവാദം നൽകു ന്നതിൽ മുനിസിപ്പൽ കൗൺസിലിന് എതിർപ്പുണ്ടാകേണ്ട കാര്യമില്ലെന്നും മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു.

ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് അപേക്ഷയിൽ [WP(C)18763/11 ] " The tickets sold are the lottery tickets distributed by the state of Kerala and it does not include the sale of tickets for other states against which objections have been raised" എന്ന് ഹർജിക്കാരൻ ബോധിപ്പിച്ചിട്ടുണ്ട്.

ബഹു.ഹൈക്കോടതിയുടെ WP(C)18763/2011 -ൽ 12/3/2012-ലെ വിധിന്യായ ത്തിൽ നടത്തിയ നിരീക്ഷണങ്ങൾ കണക്കിലെടുത്തും നേർക്കാഴ്ച നടത്തിയതിലും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ;

കേരള സംസ്ഥാനത്തിൽ ലോട്ടറി കച്ചവടം നിയമ വിരുദ്ധമായി പ്രഖ്യാപിക്കുകയോ, നിരോധിക്കുകയോ ചെയ്തിട്ടില്ലെന്നതിന്റെയും സംസ്ഥാന സർക്കാർ ലോട്ടറി പ്രൊമോട്ട് ചെയ്യു കയും നടത്തുകയും (promoting and conducting lottery) ചെയ്യുന്നു എന്നതിന്റെയും ലോട്ടറി നിയന്ത്രണം മുനിസിപ്പാലിറ്റിയുടെ ചുമതലയിൽപ്പെടുന്നില്ല (കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 30-ഷെഡ്യൂൾ1) എന്നതിന്റെയും അടിസ്ഥാനത്തിൽ മുനിസിപ്പൽ കടമുറികളിൽ കേരള സംസ്ഥാന ലോട്ടറികൾ മാത്രം വിൽക്കുന്നതിന് അനുവാദം നൽകിക്കൊണ്ട്

29/3/2010-ലെതീരുമാനം പുന:പരിശോധിക്കാൻ തൊടുപുഴ മുനിസിപ്പാലിറ്റിക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.കൃഷ്ണൻ
ഗവ.അണ്ടർ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (with C/L)
2. ശ്രീ.പി.മുരളീധരൻ, മാനേജിംഗ് ഡയറക്ടർ, മഞ്ചു ആന്റ് കമ്പനി, .
   മുനിസിപ്പൽ ബസ് സ്റ്റാന്റ് ബിൽഡിംഗ്, കണ്ണൂർ -1
3. സെക്രട്ടറി, തൊടുപുഴ മുനിസിപ്പാലിറ്റി
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ത.സ്വ.ഭ.വ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.